**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 237** **18-03-2022 - ൽ മറുപടിയ്ക്ക്**

**സാഹസിക വിനോദ സഞ്ചാരത്തിനുള്ള മുൻകരുതലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ എ കെ എം അഷ്‌റഫ് | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന മേഖലകളിൽ ട്രക്കിങ്ങും മലകയറ്റവും നടത്തുന്നവർ അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിന് ആവശ്യമായ തയ്യാറെടുപ്പുകളെയും മുൻകരുതലുകളെയും സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം വനം വകുപ്പ് നൽകിയിട്ടുണ്ടോ; | (ബി) | വനംവകുപ്പിന്റെ ഇക്കോ ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ള ട്രക്കിംഗ് കർശന നിരീക്ഷണത്തിലാണ് നടത്തി വരുന്നത്. വനത്തിനോ, വന്യജീവികൾക്കോ നാശം സംഭവിക്കാതെയും, അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് കോട്ടം തട്ടാതെയും അപകട സാദ്ധ്യത കുറവായ വനപാതകളിലൂടെ ഇക്കോ ടൂറിസത്തിന്റെ ഭാഗമായി, കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ടൈഗർ കൺസർവേഷൻ പ്ലാൻ/ വർക്കിംഗ് പ്ലാൻ/ മാനേജ്മെന്റ് പ്ലാൻ എന്നിവയുടെ അംഗീകാരത്തിന് വിധേയമായി അനുവദിക്കുന്ന ട്രക്കിംഗുകളിൽ പങ്കെടുക്കുന്നവർക്കൊപ്പം വനംവകുപ്പിന്റെ പരിചയസമ്പന്നരായ ഗൈഡുകൾ അനുഗമിക്കുന്നു. ഇവരുടെ മാർഗ്ഗനിർദ്ദേശങ്ങളും സുരക്ഷാ മുന്നറിയിപ്പുകളും അനുസരിച്ച് മാത്രമേ ട്രക്കിംഗ് നടത്തുവാൻ അനുവദിക്കുകയുള്ളൂ. ഫീൽഡ് തലത്തിലും സുരക്ഷിതമായ ട്രക്കിംഗിനായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ, വനം വകുപ്പിന്റെ കീഴിലുള്ള ഇക്കോ-ടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന ഇന്ത്യക്കാരായ സന്ദർശകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ആയത് അപകട രഹിതമാക്കുന്നതിന് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം തയ്യാറാക്കാൻ വനം വകുപ്പ് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | നിലവിൽ അപകടരഹിതമായ ട്രക്കിംഗിനുള്ള വിവിധ മാർഗ്ഗ നിർദ്ദേശങ്ങൾ ഫീൽഡ് തലത്തിൽ നൽകി വരുന്നുണ്ട്. അപകടരഹിതമായ ട്രക്കിംഗ് വനം വകുപ്പിന്റെ ഫീൽഡ് ഉദ്യോഗസ്ഥരുടെയും വനസംരക്ഷണ സമിതി /ഇക്കോ ഡെവലപ്മെന്റ് |

| | | | |
|---|---|---|---|
| | | | കമ്മറ്റി അംഗങ്ങളായ അംഗീകൃത ഗൈഡുമാരുടെയും മേൽനോട്ടത്തിൽ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ